# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരിയാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.3/1492/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 08/12/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.3/1492/22 തീയ്യതി: 08/12/2022

## കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-05-2022 മുതൽ 08-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ എം സി | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 21-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 21-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു. ടി. പി. , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.ഷഹീൻ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.ധന്യ. എം. വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീബ.ടി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സതീശൻ. കെ. വി | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീ. രാജീവൻ. കെ. സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2021 | 13-07-2021 |
| ശ്രീ. എം. വി. ചന്ദ്രൻ | സെക്രട്ടറി | 14-07-2021 | 05-09-2021 |
| ശ്രീ. രാജീവൻ. കെ. സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-09-2021 | 19-09-2021 |
| ശ്രീ. എം. വി. ചന്ദ്രൻ | സെക്രട്ടറി | 20-09-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജീവൻ. കെ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.രൂപേഷ്.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രമ്യാഭായ്. എം. ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സമീർ. കെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.നളിനി. ടി | വി ഇ ഒ, പരിയാരം | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രജിന. പി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.പൊന്നി ജെ കുമാർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 30-06-2021 |
| ഡോ. ഷീബ ബി നായർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-07-2021 | 13-07-2021 |
| ഡോ.രാഹുൽ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 14-07-2021 | 31-03-2022 |
| ഡോ.സീമ. ടി കെ | മെഡിക്കൽ ഓഫീസർ,ആയുർവേദ | 01-04-2021 | 31-03-2022 |
| ശ്രീ.രജീഷ്.ടി. കെ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രശ്മിത റോഷൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-01-2022 |
| ശ്രീ. ജോസ് ജയകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-02-2022 | 31-03-2022 |
| ശ്രീ.വിവേക് ഭാസ്കർ എം. | വി.ഇ.ഒ., കുറ്റ്യേരി | 01-04-2021 | 07-09-2021 |
| ശ്രീമതി രേഷ്മ എം.വി. | വി.ഇ.ഒ., കുറ്റ്യേരി | 08-09-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടത് | 1-7-1 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 13 | വർക്കിംഗ് ഗ്രൂപ്പുകൾ | 1-10 |
| 14 | ഗ്രാമസഭ | 1-11 |
| 15 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പ് വരുത്തുന്നില്ല | 1-12 |
| 16 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 1-13 |
| 17 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 1-14 |
| 18 | തൊഴിൽ നികുതി - അപാകങ്ങൾ | 1-15 |
| 19 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല | 1-16 |
| 20 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഭൂനികുതി ഒടുക്കുന്നില്ല | 1-17 |
| 21 | ക്ഷാമബത്ത കുടിശ്ശിക - രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-18 |
| 22 | ആർജ്ജിതാവധി സറണ്ടർ - പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് അനുവദിച്ചു | 1-19 |
| 23 | തെരുവ് വിളക്ക് എ എം സി ആദായ നികുതി ഈടാക്കിയിട്ടില്ല. | 1-20 |
| 24 | വോയ്സ് ബ്രോഡ് കാസ്റ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ ആദായനികുതി ഈടാക്കിയിട്ടില്ല. | 1-21 |
| 25 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് അധികം നൽകിയ 3062 | 1-22 |

| | | |
|---|---|---|
| | രൂപ തിരികെ ഈടാക്കേണ്ടതാണ്. | |
| 26 | യു.പി.എസ് ബാറ്ററി വാങ്ങൽ - നിലവിലെ ബാറ്ററി ഒഴിവാക്കിയില്ല. | 1-23 |
| 27 | പോത്ത്കുട്ടി വളർത്തൽ - ഗുണഭോക്തൃലിസ്റ്റ് മുൻഗണനാക്രമം പാലിച്ചിട്ടില്ല. | 1-24 |
| 28 | മൃഗാശുപത്രിയിൽ മരുന്ന് വാങ്ങൽ - അപാകങ്ങൾ | 1-25 |
| 29 | സംരംഭകത്വ പലിശ സബ്സിഡി അനുവദിക്കുന്നതിലെ അപാകങ്ങൾ | 1-26 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പൂർത്തീകരണ സാക്ഷ്യ പത്രം വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. | 1-27 |
| 31 | പാലുല്പാദന സബ്സിഡി- രേഖകൾ ഹാജരാക്കിയിട്ടില്ല-1027000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-28 |
| 32 | പാലിയേറ്റീവ് ഉപകരണങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ല | 1-29 |
| 33 | റിവോൾവിംഗ് ഫണ്ട്- തിരിച്ചടച്ച തുക നിഷ്ക്രിയമായി തുടരുന്നു | 1-30 |
| 34 | വി ഇ ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ - അവലോകനം | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.02.21 തീയതിയിലെ യോഗത്തിലെ 13/21 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 17.02.21 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനംനമ്പർ-1-1/2021) 18-02-2021 തീയതിയിൽ ചേർന്ന പ്രത്യേക ഭരണസമിതി യോഗത്തിൽ (തീരുമാനം നമ്പർ-55/21) അംഗീകരിക്കുകയുമുണ്ടായി. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 29-01-2022 തീയതിയിലെ 8/22 നമ്പർ തീരുമാനപ്രകാരം അവതരിപ്പിച്ച 2020-21 വർഷത്തെ പരിഷ്കരിച്ച ബജറ്റ്, ഭരണസമിതിയുടെ 26.03.22 തീയതിയിലെ പ്രത്യേക യോഗത്തിലെ 87(1)/22 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനട്സിൽ പരിഷ്കരിച്ച ബജറ്റിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,86,99,914 | 2,34,25,194 |
| വരവ് | 27,78,49,000 | 27,77,91,338 |
| ആകെ | 29,65,48,914 | 30,12,16,532 |
| ചെലവ് | 29,27,18,000 | 26,88,59,867 |
| നീക്കിയിരിപ്പ് | 38,30,914 | 3,23,56,665 |

ജന്റർ ബജറ്റും പർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല എന്നത് അപാകമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2022 | 29.09.22(*) | തിരിച്ചയച്ചിട്ടില്ല |

(*)എയിംസിൽ സമർപ്പിച്ച തീയതി 16.05.22. വാർഷിക ധനകാര്യ പത്രിക സമയപരിധിക്കകം സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.ഹഡ്കോ ലോൺ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം തിരിച്ചടച്ച 878824രൂപ പരിഗണിക്കാതെയാണ് 2021-22 ലെ ലോൺ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്രയും തുകയുടെ വ്യത്യാസം നീക്കിയിരിപ്പിൽ വരുന്നുണ്ട്. (ബി 5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക 2747072രൂപ. നീക്കിയിരിപ്പായി കാണിക്കേണ്ട തുക 1868248രൂപ)

2. ജി ഒ (ആർടി) 2549/22/ഫിൻ തീയതി 30.03.22 നം ഉത്തരവിൽ അനുവദിക്കപ്പെട്ട 34169രൂപ(ജനറൽ പർപ്പസ് ഫണ്ട് - എ സി ആർ) ട്രഷറി നിയന്ത്രണങ്ങൾ കാരണം മാറിയെടുക്കാൻ കഴിഞ്ഞിട്ടില്ല. തുക തിരിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.സാമൂഹ്യ സുരക്ഷാപെൻഷൻ - മുഴവൻ ചെലവു തുകയും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-7ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4.ഡിപ്രീസിയേഷൻ ഇനത്തിൽ പ്രയർ പിരിയഡ് ഇനമായി ഐ 18 ഷെഡ്യൂളിൽ 87669802രൂപ കുറവു ചെയ്തിട്ടുണ്ട്.

ഇത്രയും ഭീമമായ തുക കുറവു ചെയ്തതിന് കാരണം നോട്ട് ഓൺ അക്കൗണ്ടായി നല്കിയിട്ടില്ല. ഡിപ്രീസിയേഷൻ കുറവു ചെയ്തതിന്റെ കാരണമായി അറിയിച്ചത് മുൻവർഷങ്ങളിൽ കുറവു ചെയ്യാനുള്ള തുക ഒഴിവാക്കിയതാണ് എന്നാണ്. എന്നാൽ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5.ഐ 18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് ഇനമായി 139428രൂപ (എസ്റ്റാബ്ലിഷ് മെന്റ്) തിരിച്ചു പിടിച്ചിട്ടുണ്ട്. ലെഡ്ജറിൽ കോവിഡ് റിക്കവറീസ് ഫ്രം ഓണറേറിയം എന്നാണ് ചേർത്തത്. തുക തനതു ഫണ്ടിലേക്ക് തിരിച്ചു പിടിച്ചതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

6.എം എൻ ആർ ഇ ജി എസ് - എം ഐ എസ് റിപ്പോർട്ട് പ്രകാരമുള്ള വരവു ചെലവുകളും ഇൻകം & എക്സ്പെന്റിച്ചർ പ്രകാരമുള്ള വരവു ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഐ-6,ഐ-14 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുക 6,03,43,212രൂപയും യഥാർത്ഥ തുക 33675133രൂപയുമാണ്. ഓഡിറ്റ് വർഷത്തെ ഇൻകം& എക്സ്പെന്റിച്ചർ ഷെഡ്യൂളിൽ വരവിലും ചെലവിലും 26668079 രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്. ആയത് അടുത്ത വർഷത്തെ കണക്കുകളിൽ പ്രയർ പിരിയഡ് ഇനത്തിൽ ക്രമീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

7.ബി4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾക്കായി ലഭിച്ചതിൽ താഴെ പറയും പ്രകാരമുള്ള തുക നീക്കിയിരിപ്പുണ്ട്. ആയത് ഏതൊക്കെ വർഷങ്ങളിൽ ഏതൊക്കെ ആവശ്യങ്ങൾക്കു വേണ്ടി ലഭിച്ചതാണെന്ന് വ്യക്തമല്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ തിരിച്ചടച്ചിട്ടില്ല.

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് - കാപ്പിറ്റൽ | 2126503 |
| ബ്ലോക്ക് പഞ്ചായത്ത് -റവന്യൂ | 372848 |
| ബ്ലോക്ക് പഞ്ചായത്ത്- പ്രത്യേകോദ്ദേശ്യം | 210256 |
| ജില്ലാ പഞ്ചായത്ത്- കാപ്പിറ്റൽ | 700000 |
| ജില്ലാ പഞ്ചായത്ത് -റവന്യൂ | 316552 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നു ലഭിച്ച പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ(*) | 1569476 |

(*)ഇതുമായി ബന്ധപ്പെട്ട ലെഡ്ജറിൽ 23.03.22 തീയതിയിൽ രേഖപ്പെടുത്തിയ 836476 രൂപ അൺ ഐഡെന്റിഫൈഡ് എമൗണ്ട് (എസ് ബി ഐ – ഇ പേമെന്റ് അക്കൗണ്ട്) എന്നാണ് കാണിച്ചിട്ടുള്ളത്. പ്രസ്തുത തുക ഏതാവശ്യത്തിന് ലഭിച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

8.ഐ 6 ഷെഡ്യൂളിൽ 160200299 ഹെഡ് കോഡിൽ രേഖപ്പെടുത്തിയ 139354രൂപയിൽ 58660രൂപ പ്രോജക്ട് നമ്പർ 36/22 ന് മുൻകൂറായി നല്കിയത് തിരിച്ചു പിടിച്ചതും 80694രൂപ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കിയ ബാരൽ വിലയും ജിഎസ് ടി യും ആണെന്ന് ലെഡ്ജറിൽ നിന്നും വ്യക്തമാകുന്നു.

ജി എസ് ടി യും ബാരൽ വിലയും അതാത് ഹെഡിലേക്ക് നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ലയബിലിറ്റി ഹെഡിൽ കാണിക്കാതെ പ്രസ്തുത റിക്കവറികൾ വരവായി ചേർത്തത് അപാകമാണ്. തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

പ്രോജക്ട് നടത്തിപ്പിനായി മുൻകൂറായി നല്കിയ തുക ആ രീതിയിൽ രേഖപ്പെടുത്തി ക്രമീകരിക്കുന്നതിനു പകരം വരവിൽ പിടിച്ചതും ശരിയല്ല.

9.കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് എ സി ആർ സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

10.ബി 9 ഷെഡ്യൂളിൽ ഇന്ററസ്റ്റ് അക്രൂവ്ഡ് ഡ്യൂ- അദ്രേഴ്സ് ഇനത്തിൽ രേഖപ്പെടുത്തിയ 167268രൂപ ഇ എം എസ് ഭവന പദ്ധതി വായ്പയുടെ പലിശയിനത്തിൽ സഹകരണ ബാങ്കിന് നല്കാനായി ലഭിച്ച തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ ബാധ്യതയായി തുടരുന്ന പ്രസ്തുത തുക നിശ്ചിത ആവശ്യത്തിന് ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ലഭ്യാക്കിയിട്ടില്ല.

11.ബി 9 ഷെഡ്യൂളിൽ വാറ്റ് ഇനത്തിൽ രേഖപ്പെടുത്തിയ 9358രൂപയും റിവർമാനേജ്മെന്റ് ഫണ്ടിനത്തിലുള്ള 11424രൂപയും നാളിതുവരെ ഒടുക്കു വരുത്തിയിട്ടില്ല.

സി ജി എസ് ടി , എസ് ജി എസ് ടി ഇനങ്ങളിലുള്ള തുകയും (21377രൂപ വീതം) , മറ്റ് ഇനങ്ങളിലുള്ള 3395 രൂപയും സമയപരിധിക്കകം ഒടുക്കു വരുത്തിയിട്ടില്ല.

12.അദർ ക്രെഡിറ്റേഴ്സ്(₹10004) , അദർ ലയബിലിറ്റീസ് (₹46865) എന്നീ ഹെഡുകളിൽ രേഖപ്പെടുത്തിയ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/11.10.22 നുള്ള മറുപടി കൂടി പരിഗണിച്ച് തയ്യാറാക്കിയത്)

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,93,38,112 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,94,90,032 |
| ആകെ | 15,88,28,144 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,22,88,852 |
| നീക്കിയിരിപ്പ് | 3,65,39,292 |
| വരവിനങ്ങളിലുള്ള നഷ്ടം | .. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | .. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹10,27,000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 24218938 | 24218938 | 23223857 | 995081 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 3737800 | 3737800 | 3370000 | 367800 |
| വികസന ഫണ്ട്- ടി എസ് പി | | 0 | 15800 | 15800 | 0 | 15800 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | | 0 | 23797801 | 23797801 | 23083562 | 714239 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | | 0 | 7477414 | 7477414 | 4651815 | 2825599 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ബേസിക് | 0 | 5551436 | 5551436 | 4193415 | 1358021 |
| | ടൈഡ് | 0 | 13095000 | 13095000 | 5938223 | 7156777 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| എം ജി എൻ ആർ ഇ ജി എസ് | ഭരണചെലവ് | 19473 | 877041 | 896514 | 893133 | 3381 |
| | തൊഴിലാളികളുടെ കൂലി, സാധന സാമഗ്രികളുടെ ചെലവ് | 0 | 32782000 | 32782000 | 32782000 | 0 |
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | | 111816 | 1794363 | 1906179 | 1500000 | 406179 |
| എസ്എസ് എ | | 119639 | 0 | 119639 | 0 | 119639 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | | 5688 | 171 | 5859 | 0 | 5859 |
| കേരളോത്സവം | | 5000 | 0 | 5000 | 0 | 5000 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 2260566 | 463958 | 2724524 | 1497722 | 1226802 |
| വിമുക്തി | 25656 | 0 | 25656 | 0 | 25656 |
| എം പി ഫണ്ട് | 138 | 115170 | 115308 | 115308 | 0 |
| മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന ലഭിച്ചത് | 0 | 1097170 | 1097170 | 426300 | 670870 |
| എൻആർഎച്ച് എം ഫണ്ട് | 0 | 0 | 0 | 0 | 536308 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | 1613000 | 1796476 | 3409476 | 1840000 | 1569476 |

(A) ബി 4ഷെഡ്യൂൾ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്, ബേസിക്ക് ഫണ്ടുകളുടെ നീക്കിയിരിപ്പ് യഥാക്രമം 4653606,1253324 രൂപ വീതമാണ്(ആകെ 5906930രൂപ) . ഇതിൽ പലിശയിനത്തിൽ ലഭിച്ച 93706 രൂപയും ഉൾപ്പെടുന്നു. ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ രണ്ടാം ഗഡുക്കളായി ലഭിച്ച തുക ബിൽ പ്രകാരം മാറിയതും ഒന്നും മൂന്നും ഗഡുക്കൾ പി എഫ് എം എസ് വഴി ഫെഡറൽ ബാങ്കിലേക്ക് മാറ്റി നിക്ഷേപിച്ചതുമാണ്. ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പാണ് ബി 4 ഷെഡ്യൂളിൽ വരുന്നത്(5906930രൂപ).

(B)ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് വിവിധ വർഷങ്ങളിലായി ലഭിച്ച തുകയിൽ 3726159രൂപ 31.03.2022 തീയതിയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക വിനിയോഗിക്കാൻ അനുമതിയില്ലെങ്കിൽ സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

ഗ്രാന്റ് പത്രിക

2021-22 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 223 | 144492633 | 182 | 88796043 | 26 | 41 | 156 | 70% |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 10122733 | 10040733 | 99.2 |
| വെറ്റിനറി സർജൻ | 14 | 10 | 34752242 | 2477982 | 71.3 |
| മെഡിക്കൽ ഓഫീസർ,പിഎച്ച്സി | 15 | 13 | 3161681 | 2042723 | 94.5 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 4 | 4 | 980000 | 980000 | 100 |
| എസ് ഐ ഫിഷറീസ് | 2 | 2 | 1166308 | 65121 | 5.6 |
| വി ഇ ഒ | 27 | 19 | 46390065 | 19964665 | 43 |
| ഐസിഡിഎസ് സൂപ്പർവൈസർ | 11 | 10 | 10826766 | 10673793 | 98.6 |
| സെക്രട്ടറി | 25 | 18 | 8904900 | 3759419 | 42.2 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 100 | 83 | 56302148 | 35809671 | 63.6 |
| ഹെഡ്മാസ്റ്റർ | 6 | 6 | 905089 | 872538 | 96.4 |

| | | | | | |
|---|---|---|---|---|---|
| ഡെയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 1027000 | 1027000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 1230701 | 1082398 | 88 |
| ആകെ | 223 | 182 | 144492633 | 88796043 | 61.45 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19473 | 877041 | 896514 | 893133 | 3381 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32782000 | 32782000 | 32782000 | 0 |
| ആകെ | 19473 | 33659041 | 33678514 | 33675133 | 3381 |

ഇ എഫ് എം എസ് വഴി ചെലവഴിച്ച 26668079രൂപ രണ്ടു തവണ വരവു ചെലവുകളിൽ ഉൾപ്പെടുത്തിയതിനാൽ ഐ 6, ഐ 14 ഡി ഷെഡ്യൂളുകളിൽ 60343212രൂപയാണ് വരവു ചെലവുകളായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് അന്വേഷണം നല്കിയതിനെ തുടർന്ന് (നം 1/14.10.22) 2022-23 സാമ്പത്തിക വർഷം പ്രയർ പിരിയഡ് എൻട്രിയായി വാർഷിക ധനകാര്യ പത്രികയിൽ മാറ്റം വരുത്തിയിട്ടുണ്ട്.

### 1-6-1 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1.ഭൂവികസന പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ ഏത് സർവ്വേ നമ്പറിൽ എത്ര ഭൂമിയിലാണ് പ്രവൃത്തി ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുന്ന ഭൂവുടമകളുടെ അപേക്ഷകൾ സൂക്ഷിക്കുന്നില്ല.നികുതി ഒടുക്കിയ രശീതുകൾ മാത്രമാണ് ഫയലിന്റെ ഭാഗമാക്കിയിട്ടുള്ളത്.

2. തരിശു ഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തിയിൽ അപേക്ഷകളിൽ സൂചിപ്പിച്ച ഭൂമി തരിശു ഭൂമിയായിരുന്നു എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

3.ഇതേ ആനുകൂല്യം കൃഷി വകുപ്പിൽ നിന്നും അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തുമ്പോൾ ഏത് സർവ്വേ നമ്പറിൽ ചെയ്ത പ്രവൃത്തിയുടെതാണ് അല്ലെങ്കിൽ ഏത് ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് എന്ന് രേഖപ്പെടുത്തുന്നില്ല. അതുകൊണ്ടു തന്നെ സുതാര്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല.

5.ഹാജരാക്കിയ നികുതി രസീറ്റുകൾ ഓരോ വ്യക്തിയുടെയും മൊത്തം കൈവശ ഭൂമിയുടേതാണ് . ഇതിൽ ഏത് ഭാഗത്താണ് പ്രവൃത്തി നടത്താൻ അനുമതി നല്കുന്നതെന്ന് വ്യക്തമല്ല.

6.കല്ലുകയ്യാല- ഉടമകളുടെ അപേക്ഷകളിൽ എത്ര നീളത്തിലും ഉയരത്തിലും ഏതൊക്കെ സ്ഥലങ്ങളിലാണ് കയ്യാല നിർമ്മിക്കേണ്ടതെന്ന് വ്യക്തമാക്കുന്നില്ല.

7.സിറ്റിസൻ ഇൻഫർമേഷൻ ബോർഡു സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഏതു തരത്തിലുള്ള ബോർഡാണ് സ്ഥാപിക്കേണ്ടത് എന്ന് വിവിധ കരാറുകാർക്ക് നല്കിയ നിർദ്ദേശങ്ങൾ , ബോർഡു സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.വിവിധ സ്ഥാപനങ്ങൾക്ക് 3000രൂപയാണ് ഒരു ബോർഡ് സ്ഥാപിക്കുന്നതിന് നല്കിയിട്ടുള്ളത്. നിരക്ക് നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഫോട്ടോകളിൽ ബോർഡ് നിലത്ത് കോൺക്രീറ്റ് ചെയ്ത് ഉറപ്പിച്ചതായി കാണുന്നില്ല.

8. വാർഡ് 9 ൽ നടത്തിയ പച്ചക്കറിക്കൃഷിക്ക് നിലമൊരുക്കൽ പ്രവൃത്തിയുടെ ഭാഗമായി സമർപ്പിക്കപ്പെട്ട അപേക്ഷകളിലേയും കരമൊടുക്കിയ രശീതികളിലേയും സ്ഥലവിസ്തൃതികൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി രവീന്ദ്രൻ എന്നവർ ആനന്ദവല്ലി എന്നവർക്ക് പാട്ടക്കൃഷിക്കായി വിട്ടു നല്കിയതായി രേഖപ്പെടുത്തിയത് സർവ്വേ നമ്പർ 28/118 ലെ 75 സെന്റ് ഭൂമിയാണ്. എന്നാൽ തണ്ടപ്പേര് നമ്പർ 1909 ൽ പ്രസ്തുത സർവ്വ നമ്പറിൽ ടിയാന്റെ കൈവശ ഭൂമി 8 ആർ 34 ചതുരശ്ര സെന്റിമീറ്റർ മാത്രമാണ്. ഇതു പോലെ മറ്റ് ഒമ്പത് പേരുടെ അപേക്ഷകളിൽ കാണിച്ച

സർവ്വേ നമ്പറുകളിലുള്ള ഭൂവിസ്തൃതിയും കരമടച്ച രശീതികളിലെ ഭൂവിസ്തൃതിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.അനുമതി നല്കിയതിലും കുറഞ്ഞ ഭൂമിയിലാണ് പ്രവൃത്തി നടത്തിയത് എന്നതിനാൽ അധികച്ചെലവ് വന്നിട്ടില്ല. അപാകങ്ങൾക്ക് ഓഡിറ്റ് അന്വേഷണം നമ്പർ 27/20.10.21 മുഖേന ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

വാർഷിക ധനകാര്യ പത്രികയിലെ ഐ 6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ തരം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 646 | 10354400 |
| ദേശീയ വാർധക്യകാല പെൻഷൻ | 2686 | 37890800 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 425 | 6366000 |
| അമ്പതു വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 66 | 1017400 |
| വിധവാ പെൻഷൻ | 1301 | 20127600 |

ഇതു കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ വിവരങ്ങൾ ഡി ബി ടി റിപ്പോർട്ട്സിൽ പരിശോധിച്ചപ്പോൾ 2020-21 സാമ്പത്തിക വർഷത്തെ പെൻഷൻ വിതരണത്തിനായി താഴെ പറയും പ്രകാരമുള്ള തുക 2021-22 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.(DBT Reports – Expenditure Reports)

| പെൻഷൻ തരം | ഗുണഭോക്താക്കളുടെഎണ്ണം | 2020-21ലെ പെൻഷൻ (*) | | 2020-21ലെ പെൻഷൻ വിതരണ ത്തിന് 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച തുക |
|---|---|---|---|---|
| | | Ason 31.03.21 | Ason 31.03.22 | |
| കർഷക തൊഴിലാളി പെൻഷൻ | 625 | 10403600 | 15311500 | 4907900 |
| ദേശീയ വാർധക്യകാല പെൻഷൻ | 2331 | 34708400 | 51466200 | 16757800 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 404 | 6032100 | 8942000 | 2909900 |
| അമ്പതു വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 59 | 980800 | 1391800 | 411000 |
| വിധവാ പെൻഷൻ | 1237 | 19044200 | 27302600 | 8258400 |

പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-7-1 മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടത്

ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള, മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ സേവന വെബ്സൈറ്റിൽ ചെക്കിംഗ് നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്

| പേര് | പെൻഷനർ ഐ ഡി | ആധാർ നമ്പർ | മരണപ്പെട്ട തീയതി, രജിസ്ട്രേഷൻ | തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | നമ്പർ | |
| വി എം ഇബ്രാഹിം കർഷക പെൻഷൻ | 2220320615 (ആക്ടീവ്) | 238824407918 | 20.07.21 104/21 | 8/22വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| പാർവ്വതികക്കിയിൽ കർഷക തൊഴിലാളി പെൻഷൻ | 111150100277 | 404514428797 | 06.08.21 116/21 | 4/22വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| എ വി ഗോപാലൻ കർഷകപെൻഷൻ | 2220341903 (ആക്ടീവ്) | 626460220346 | 21.09.21 143/21 | 8/22വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| കെ പി ജാനകി ദേശീയ വാർധക്യകാല പെൻഷൻ | 111150202346 | 428035453371 | 11.11.21 166/21 | 12/21വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| സി.എം.കാർത്ത്യായനി,കർഷക തൊഴിലാളി പെൻഷൻ | 111080100421 | 459637822167 | 16.11.21 169/21 | 2/22വരെ അക്കൗണ്ട് ട്രാൻസ്ഫർ (പട്ടുവം ഗ്രാമപഞ്ചായത്ത്) |
| ടി കെ ഇബ്രാഹിം കർഷക പെൻഷൻ | 2220249870 | 512672311792 | 25.11.21 176/21 | 6/22വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| മേരിദാസ് ദേശീയ വാർധക്യകാല പെൻഷൻ | 111090200547 (ആക്ടീവ്) | 582665793803 | 23.11.21 177/21 | 8/22വരെ അക്കൗണ്ട് ട്രാൻസ്ഫർ(ചെറുകുന്ന് ഗ്രാമപഞ്ചായത്ത്) |
| ചെറിയ കർഷകപെൻഷൻ | 2220249759 (ആക്ടീവ്) | 711822065835 | 4.06.21 81/21 | 8/22വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| മീനാക്ഷി പി വി കർഷക തൊഴിലാളി പെൻഷൻ | 111140100329 (ആക്ടീവ്) | 955936917905 | 27.04.21 82/21 | 8/22വരെ അക്കൗണ്ട് ട്രാൻസ്ഫർ(കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്) |
| മമ്മു പി വി കർഷക പെൻഷൻ | 2220249817 | 425667575289 | 25.06.21 92/21 | 8/22വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| അറുമുഖൻ എം ദേശീയ വാർധക്യകാല പെൻഷൻ | 111200200204 | 313457309938 | 8.07.21 99/21 | 8/22വരെ അക്കൗണ്ട് ട്രാൻസ്ഫർ (ആലക്കോട് ഗ്രാമപഞ്ചായത്ത്) |

കർഷക പെൻഷൻ അധികം നല്കിയതുമായി ബന്ധപ്പെട്ട വിവരം കൃഷി ഓഫീസറേയും മറ്റ് ഗ്രാമപഞ്ചായത്തുകളെ ഗുണഭോക്താക്കളുടെ വിവരം അതാത് ഗ്രാമപഞ്ചായത്തുകളെയും അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് അധികം നല്കിയ തുക തിരിച്ച് പിടിച്ച് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.22 ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 916 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത

ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ യഥാസമയം തീരുമാനം കൈക്കൊള്ളുന്നുണ്ട്. ഗ്രാമസഭകളിൽ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അവതരിപ്പിക്കുന്നതിലും അനർഹരെ യഥാസമയം ഒഴിവാക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. മരണപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിൽ വിരലിലെണ്ണാവുന്ന സംഗതികളിൽ മാത്രമാണ് ഒഴിവാക്കാൻ കാലതാമസം വന്നിട്ടുള്ളത്.സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തത് അപാകമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരിൽ വിവിധ ബാങ്കുകളിലും ട്രഷറിയിലും ഉള്ള അക്കൗണ്ടുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകൾ നിരീക്ഷിക്കുന്നതിനുള്ള യാതൊരു സംവിധാനവും ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. റിവോൾവിംഗ് ഫണ്ട് തിരിച്ചടവിനുള്ള അക്കൗണ്ടുകൾ ഉൾപ്പെടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകളിലെ വർഷാവസാന നീക്കിയിരിപ്പ് നിരീക്ഷിക്കപ്പെടേണ്ടതുണ്ട്.

## 1-10 വർക്കിംഗ് ഗ്രൂപ്പുകൾ

കൃഷി ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ വീതവും കൃഷി വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണയുമാണ് ഓഡിറ്റ് വർഷം ചേർന്നിട്ടുള്ളത്. 12/2021 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി നിർദ്ദേശങ്ങളാണ് അവതരിപ്പിച്ച് അംഗീകരിച്ചിട്ടുള്ളത്. കാർഷിക മേഖലയിലെ പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തിയിട്ടുണ്ട്. മറ്റ് മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളിൽ പ്രസ്തുത വിഷയം പരിഗണിക്കപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഗ്രാമസഭ

ഓഡിറ്റ് വർഷം ഗ്രാമസഭകൾ ഒരു തവണ വീതം മാത്രമാണ് സമ്മേളിച്ചിട്ടുള്ളത്. 2022 ജനുവരി മാസമാണ് എല്ലാ ഗ്രാമസഭകളും ചേർന്നിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം, 2022-23 വാർഷിക പദ്ധതി രൂപീകരണം, 2021-22 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃലിസ്റ്റ് സാധൂകരണം , 2022-23 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അംഗീകരിക്കൽ, അതിദാരിദ്ര്യനിർണ്ണയ പ്രക്രിയയുടെ ഭാഗമായി തയ്യാറാക്കിയ പട്ടിക അംഗീകരിക്കൽ, സമ്പൂർണ്ണ ശുചിത്വ പദ്ധതി എന്നിവയാണ് പ്രധാന അജണ്ടകൾ. ഗ്രാമസഭകളിൽ പങ്കെടുക്കുന്ന പതിനഞ്ച് പേരെങ്കിലും ഗ്രാമസഭാമിനുട്സ് സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പ് വരുത്തുന്നില്ല

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2014-15, 2016-17, 2017-18 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻവേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകളുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ, പെർമിറ്റ് അപേക്ഷകളിൽ നിലവിലുള്ള ഏരിയ ആയി കാണിച്ച അളവും നികുതി നിർണ്ണയം നടത്തിയ അളവും തമ്മിൽ പൊരുത്തപ്പെടാത്ത സംഗതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നം കാലാവധി | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | പെർമിറ്റ് അപേക്ഷ പ്രകാരം നിലവിലുള്ള വിസ്തീർണ്ണം(ച.മീ) | സഞ്ചയപ്രകാരം നികുതി നിർണ്ണയിച്ച വിസ്തീർണ്ണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| XII/537A | പി അബ്ദു നൂറാ മൻസിൽ | A2 87/14-15<br>26-8-14 To 25-8-17 | 53.14 (Exi)<br>GF 9 (Prop)<br>FF 58.94(prop)<br>SF 11.43(prop) | 53.14 | താഴത്തെ നില 50 ച. മീ |
| IX/307A | വി ഇന്ദിര | A2 115 /14-15<br>26-6-14 To 25-8-17 | 101.74 (Exi)<br>FF 85.19 (Prop) | 101.74 | താഴത്തെ നില 88 ച. മീ |
| IX/389 | നടുവിൽ വീട്ടിൽ പ്രകാശൻ | A2 126 /16-17<br>20-8-16 To 19-8-19 | 89.90 (Exi)<br>73.55(prop) | 89.90 | താഴത്തെ നില 81.48 ച. മീ |
| IV/208A | കമല കെ | 12/17-18<br>28-4.17 To 27.4.20 | 104.20 (Exi)<br>54.81 (Prop) | 104.20 | താഴത്തെ നില 103 ച. മീ |
| X/366A | മേമഠത്തിൽ മുരളീധരൻ | 16/17-18<br>25-5-17 To 24-5-20 | 94.92 (Exi)<br>66.43 (Prop) | 94.92 | താഴത്തെ നില 108 ച. മീ |

ഇപ്രകാരം അധിക നിർമ്മാണത്തിന് പെർമിറ്റെടുത്ത മറ്റു കെട്ടിടങ്ങളും പഞ്ചായത്ത് പരിധിയിലുണ്ട്. പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും കൂടാതെ പെർമിറ്റില്ലാതെ കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾ സംബന്ധിച്ച് വാർഡ് ചുമതലയുള്ള ജീവനക്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും പെർമിറ്റ് അപേക്ഷയിൽ രേഖപ്പെടുത്തിയ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണവും സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള വിവരങ്ങൾ പ്രകാരമുള്ള വിസ്തീർണ്ണവും തമ്മിൽ പൊരുത്തപ്പെടാത്തത് പരിശോധിച്ചിട്ടുണ്ടോയെന്നും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/21-10-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെയും ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ആയതിൽ നിന്നും കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 1-13 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്

2012-ലെ കേരള പഞ്ചായത്തീരാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഫോറം 3 ൽ നൽകുന്ന ലൈസൻസ് കൂടാതെ ഫാമുകൾ നടത്തുന്നത് അനുവദനീയമല്ല. 2021-22 സാമ്പത്തിക വർഷത്തെ ലൈവ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഒരാൾ മാത്രമാണ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളുടെയും വിവരം പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ 7 കെട്ടിടങ്ങൾക്ക് കോഴിവളർത്തൽ ഷെഡ്/ലൈവ് സ്റ്റോക്ക് ഷെഡ് എന്നീ ആവശ്യങ്ങൾക്കായി നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | കെട്ടിട ഉടമസ്ഥൻ | കെട്ടിട നം | ഉപയോഗക്രമം |
|---|---|---|---|
| 1 | അബ്ദുള്ള കുഞ്ഞി | I/374H | കോഴി വളർത്തൽ ഷെഡ് |
| 2 | നഞ്ചു അന്തർജനം | I/43A | ലൈവ് സ്റ്റോക്ക് ഷെഡ് |
| 3 | ചിറയിൽ കുന്നത്ത് ഇസ്മയിൽ | I/255A | കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 4 | അയൂബ് & സമീർ | I/374A | കോഴി വളർത്തൽ ഷെഡ് |
| 5 | ആനയാടൻ കൃഷ്ണൻ | V/48C | ലൈവ് സ്റ്റോക്ക് ഷെഡ് |
| 6 | കായകുടിയൻ രാജു | II/126A | കോഴി വളർത്തൽ ഷെഡ് |
| 7 | സൽമാൻ ഹാജി | I/697A | ലൈവ് സ്റ്റോക്ക് ഷെഡ് |

പ്രസ്തുത ഷെഡുകളിൽ ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/20-10-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് തല പരിശോധന നടത്തി, ഇളവുകൾ അനുവദിക്കപ്പെടാത്ത സംഗതികളിൽ, ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-14 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ആകെ 3119 കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 1717 |
| 2 | 100 $M^2$ മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ | 365 |
| 4 | 200 $M^2$വരെയുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 11 |
| 5 | 200 $M^2$ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 324 |
| 6 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ,<br>അസംബ്ലി കെട്ടിടം ഉടങ്ങിയവ | 9 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 616 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 77 |
| | ആകെ | 3119 |

ഓഡിറ്റിനു ലഭ്യമാക്കിയ 2021-22 വർഷത്തെ എഫ് ടി ഇ & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യ /വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 536 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള 2583 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/20-10-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഭീഷണിയാകാനും സാധ്യതയുണ്ട്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി - അപാകങ്ങൾ

1) കാഞ്ഞിരങ്ങാട് ശ്രീ വൈദ്യനാഥക്ഷേത്രം ഉൾപ്പെടെയുള്ള മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ നിന്ന് ഓഡിറ്റ് വർഷം തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് 2019-20, 2020-21വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുണ്ട്. എന്നാൽ 2021-22 വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/18-10-22) മറുപടിയായി പ്രസ്തുത സ്ഥാപനം കേസ് ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട വക്കീൽ നോട്ടീസാണ് ഹാജരാക്കിയത്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

2) ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ഈടാക്കുന്നതിലും വീഴ്ച്ച വന്നിട്ടുണ്ട്.
A) 2021-22 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന<br>ഉടമയുടെ പേര് | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സിൻ സിയർ മാരുതി | V/705A | 5 |
| 2 | ഒമാൻ ഫുഡ് ടൈം | V/893G | 10 |
| 3 | സി ഡി എന്റർപ്രൈസസ് | XI/213A | 8 |

മേൽ എൻക്വയറിയിൽ ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ചും പരാമർശിച്ചിരുന്നു. മറുപടിയായി സിൻ സിയർ മാരുതി, ഒമാൻ ഫുഡ് ടൈം, സി ഡി എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല

ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. തീയതി 28-09-2013 ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം 2021-22 സാമ്പത്തിക വർഷം ക്രെഡിറ്റ് ചെയ്യപ്പെട്ട 184327 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. മുൻവർഷങ്ങളിലേതുൾപ്പെടെ ഈയിനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഭൂനികുതി ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഭൂനികുതി ഒടുക്കാത്തത് അപാകമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/11.10.22ന് നല്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ

വിശദാംശങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനും നികുതി സ്വീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് 03.12.19 ന് വില്ലേജ് ഓഫീസിലേക്ക് കത്തു നല്കിയിട്ടുണ്ട് എന്നും വിവരങ്ങൾ നാളിതു വരെ ലഭിച്ചിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. അടിസ്ഥാന നികുതി യഥാസമയം ഒടുക്കാതിരിക്കുന്നത് ഗുരുതരമായ അപാകമാണ്. അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-18 ക്ഷാമബത്ത കുടിശ്ശിക - രേഖകൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നമ്പർ തീയതി തുക 22100107/21-05-2021 ₹631925

വൗച്ചർ നമ്പർ തീയതി തുക 22100108/21-05-2021 ₹388742

(1) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ജോലി ചെയ്തിരുന്ന കാലയളവിലെ കുടിശികയും ഗ്രാമപഞ്ചായത്തിൽ നിന്ന് നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിലെ തുക അനുവദിച്ചപ്പോൾ, ജീവനക്കാർ മുന്നേ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് തസ്തിക | പരിയാരം ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | ശ്രീ.രാജീവൻ കെ.സി അസിസ്റ്റന്റ് സെക്രട്ടറി | 22-06-2020 | 98832 | 01-01-2019 മുതൽ 21-06-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 2 | ശ്രീ.ഷാജി വി പി ഹെഡ് ക്ലർക്ക് | 08-07-2020 | 107274 | 01-01-2019 മുതൽ 07-07-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 3 | ശ്രീ. സുധീർ ടി എം സീനിയർ ക്ലർക്ക് | 29-08-2019 | 76872 | 01-01-2019 മുതൽ 28-08-2019 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 4 | ശ്രീ. പ്രശോഭ് കെ സീനിയർ ക്ലർക്ക് | 07-08-2020 | 75316 | 01-01-2019 മുതൽ 06-08-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 6 | ശ്രീ സുനിൽ എ. വി ഡ്രൈവർ | 14-02-2019 | 59223 | 01-01-2019 മുതൽ 13-02-2019 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 7 | ശ്രീ സതീശൻ കെ വി സെക്രട്ടറി | 18-06-2020 | 141768 | 01-01-2019 മുതൽ 17-06-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, |

| | | | | |
|---|---|---|---|---|
| | | | | ഡ്രോൺ സ്റ്റേറ്റ്മെന്റ് |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/17-10-2022) പഞ്ചായത്ത് ഡയറക്ടറുടെ 24-10-2014 ലെ E1/23992/2014 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചാണ് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. സേവന പുസ്തകത്തിൽ കുടിശിക സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയില്ല എന്നതിനാൽ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. കുടിശികയുടെ കൃത്യത പരിശോധിക്കുന്നതിന് മുമ്പ് ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്നും അതാത് കാലയളവിലെ ശമ്പളവിതരണ പത്രികയും ലഭ്യമാക്കേണ്ടതാണ്.

## 1-19 ആർജ്ജിതാവധി സറണ്ടർ - പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് അനുവദിച്ചു

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 ഉത്തരവിൽ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നിയന്ത്രണം 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | നല്കിയതുക |
|---|---|---|---|
| 1 | ശ്രീമതി മിനി കാവിലെ വളപ്പിൽ അക്കൗണ്ടന്റ് | 22100146/02-06-2021 | 57054 |
| 2 | ശ്രീ സുധീർ ടി എം സീനിയർ ക്ലർക്ക് | 22100146/02-06-2021 | 44733 |
| 3 | ശ്രീ. ഗിരീഷ് പി സീനിയർ ക്ലർക്ക് | 22100146/02-06-2021 | 42513 |
| 4 | ശ്രീ. പ്രശോഭ് കെ സീനിയർ ക്ലർക്ക് | 22100146/02-06-2021 | 41514 |
| 5 | ശ്രീ സുനിൽ എ. വി ഡ്രൈവർ ഗ്രേഡ് I | 22100146/02-06-2021 | 33633 |
| 6 | ശ്രീ. ഷൈൻ എം ക്ലർക്ക് | 22100146/02-06-2021 | 37518 |
| 7 | ശ്രീമതി നമിത സി ക്ലർക്ക് | 22100146/02-06-2021 | 31909 |
| 8 | ശ്രീ രാകേഷ് കെ വി ക്ലർക്ക് | 22100146/02-06-2021 | 31909 |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/17-10-2022 ) സറണ്ടർ ദീർഘിപ്പിച്ച ഉത്തരവ് 26-07-2021 ന് മാത്രമാണ് സർക്കാർ പുറപ്പെടുവിച്ചതെന്നും പ്രസ്തുത ഉത്തരവിൽ അനുവദിക്കപ്പെട്ട സറണ്ടർ തുക തിരികെ അടവാക്കണമെന്നുള്ള പരാമർശം ഇല്ലെന്നും സെക്രട്ടറി അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് എ എം സി ആദായ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ പേര് | 145/2022 തെരുവ് വിളക്ക് പരിപാലനം |
| അടങ്കൽ<br>₹351485 | ₹297235 ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| | ₹ 54250 തനത് ഫണ്ട് |
| ചെലവ്<br>₹ 108500 | ബിൽ നമ്പർ 15/09-11-2021 ₹54250 |
| | ബിൽ നമ്പർ 28/11-02-2022 ₹54250 |
| കരാറുകാരൻ | ജോസ് കെ എം ഓഡിയോ വിഷൻ ഇലക്ട്രിക്കൽ |

2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം ഇനത്തിൽ ആദ്യ രണ്ട് ഗഡുക്കളായി 108500 രൂപ വീതം കരാറുകാരന് നല്കിയിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കുടുംബം/വ്യക്തികൾ എന്നിവർക്ക് 1 ശതമാനവും മറ്റുള്ളവർക്ക് 2ശതമാനം നിരക്കിലുമാണ്. എന്നാൽ കരാറുകാരന്

ആദായനികുതി ഈടാക്കാതെയാണ് തുക അനുവദിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/17-10-2022) അന്തിമ തുക നൽകുന്ന സമയത്ത് ആദായ നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആദായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 വോയ്സ് ബ്രോഡ് കാസ്റ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ ആദായനികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ പേര് | 51/2022 വോയ്സ് ബ്രോഡ് കാസ്റ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ |
| അടങ്കൽ | ₹ 100000 തനത് ഫണ്ട് |
| ചെലവ് | ₹59000 തനത് ഫണ്ട് |
| വൗച്ചർ നമ്പർ തീയതി തുക | 22101114/25-02-2022 ₹59000 |
| കരാറുകാരൻ | സ്മാർട്ട് വേവ് ബ്രോഡ്കാസ്റ്റിംഗ് സിസ്റ്റം |

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവരങ്ങൾ മൊബൈൽ ഫോൺ മുഖേന പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വോയ്സ് ബ്രോഡ്കാസ്റ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് മേൽപ്പറഞ്ഞ സ്ഥാപനത്തിന് 59,000 രൂപ മുൻകൂറായിനല്കിയിട്ടുണ്ട്. തുക അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1- സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് ഒപ്പുവച്ച കരാറിൽ കാലയളവ് തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2- കരാർ തുക മുഴുവൻ മുൻകൂറായി അനുവദിച്ചു.

3- ആദായ നികുതി ഈടാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19-17-10-2022 ന് ) കരാർ തീയതി 21-11-2021 മുതൽ 23-11-2022 വരെ ആണെന്നും, എഗ്രിമെന്റിൽ ഏർപ്പെട്ടതിന് ശേഷമാണ് മുൻകൂർ നൽകിയതെന്നും, കരാർ കാലാവധിക്കുള്ളിൽ ആദായ നികുതി ഈടാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എഗ്രിമെന്റ് ഏർപ്പെട്ട ഉടനെ മുൻകൂർ നൽകിയത് ജി ഒ (പി) 177/2006/ ധന തീയതി 12-04-2006 ലെ ഖണ്ഡിക 6 പ്രകാരം മുൻകൂർ നൽകാവുന്ന ഇനങ്ങളിൽ ഉൾപ്പെടാത്ത ഇനത്തിന് മുൻകൂർ നൽകിയത് സർക്കാർ നിർദ്ദേശത്തിന് അനുസൃതമല്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതും ആദായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് അധികം നൽകിയ 3062 രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ പേര് | 144/2022 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ ₹161015 | ₹ 101015 ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| | ₹ 60000 തനത് ഫണ്ട് |
| ചെലവ് | ₹93732 |
| ബിൽ നമ്പർ തീയതി | ഓൺലൈൻ പേയ്മെന്റ് 01-02-2022 ₹79594<br>ഓൺലൈൻ പേയ്മെന്റ് 01-02-2022 ₹14138<br>ആകെ ₹93732 |

പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ, സ്കാനർ എന്നിവ വാങ്ങുന്നതിന് പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ₹93732 കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന് ( കെൽട്രോൺ ) അനുവദിച്ചിട്ടുണ്ട്. ( കമ്പ്യൂട്ടർ, ₹79594 സ്കാനർ ₹14138). കമ്പ്യൂട്ടർ വാങ്ങുന്നതിന് ₹79594 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ടാക്സ് ഇൻവോയിസ് പ്രകാരം കമ്പ്യൂട്ടറിന്റെ വില ₹76532 രൂപമാത്രമാണ്. ₹3062 തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. സ്കാനർ ലഭിക്കാത്തതിനാൽ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ട്.

## 1-23 യു.പി.എസ് ബാറ്ററി വാങ്ങൽ - നിലവിലെ ബാറ്ററി ഒഴിവാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ പേര് | 207/2022 യു.പി.എസ്. ബാറ്ററി വാങ്ങൽ |

| | |
|---|---|
| അടങ്കൽ ₹200000 | ₹ 30,000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| | ₹ 170000 തനത് ഫണ്ട് |
| ചെലവ് | ₹198000 |
| വൗച്ചർ നമ്പർ തീയതി തുക | 22101045 /15-02-2022 ₹30,000<br>22100507 /24-09-2021 ₹1,68,000<br>ആകെ ₹1,98,000 |

പഞ്ചായത്തിലെ യു.പി.എസ് ന്റെ നിലവിലുള്ള ബാറ്ററി മാറ്റി പുതിയ ബാറ്ററി വാങ്ങിയതിന് ₹198000 കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസസിന് അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ഇഗാടെക്ക് കമ്പനിയുടെ (IGT 135 TUBULAR BATTERY 12 V 135 Ah) 10 എണ്ണം ബാറ്ററികൾ ഒഴിവാക്കാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയത് ലേലം ചെയ്ത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പോത്ത്കുട്ടി വളർത്തൽ - ഗുണഭോക്തൃലിസ്റ്റ് മുൻഗണനാക്രമം പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റിന്റെ നമ്പർ പേര് | 105/2022 പോത്ത് കുട്ടി വളർത്തൽ |
| അടങ്കൽ ₹3,90,000 | ₹ 1,95,000 വികസനഫണ്ട് (ജനറൽ ) |
| | ₹ 1,95,000 ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് |
| ചെലവ് ₹150000 | ബിൽ നമ്പർ തീയതി തുക<br>25/07-01-2022 ₹7,500<br>31/21-01-2022 ₹7,500<br>32/21-01-2022 ₹15,000<br>34/28-01-2022 ₹15,000<br>36/11-02-2022 ₹7,500<br>50/17-03-2022 ₹22,500<br>ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് – ₹75000<br>ആകെ – ₹150000 |

പ്രോജക്റ്റ് പ്രകാരം 10 ഗുണഭോക്താക്കൾക്ക് പോത്ത് കുട്ടിയെ വാങ്ങുന്നതിന് ₹75,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(1)പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ 76 പേരുണ്ട് . ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിക്കാതെയാണ് ആനുകൂല്യം അനുവദിച്ചത്. പദ്ധതി മാർഗ്ഗരേഖയിലെ ( ജി.ഒ.(പി)/11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018 11-3 (15) ) പ്രകാരം മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുന്ന സംഗതിയിൽ ഗ്രാമസഭയുടെ സാധൂകരണം തേടണമെന്ന നിർദ്ദേശം പാലിക്കാതെയാണ് മുൻഗണനാ ക്രമം മാറ്റിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ തീയതി തുക | ഗുണഭോക്തൃലിസ്റ്റ് ക്രമ നമ്പർ |
|---|---|---|---|
| 1 | മനോജ് കുമാർ പി | 25/07-01-2022 ₹7,500 | 5 |
| 2 | അബൂബക്കർ സിദ്ധിഖ് | 31/21-01-2022 ₹7,500 | 3 |
| 3 | എം രാഘവൻ | 32/21-01-2022 ₹15,000 | 16 |
| | നാരായണി ഒ വി | | 6 |
| 4 | കഞ്ഞികണ്ണൻ സി | 34/28-01-2022 ₹15,000 | 25 |
| | മൊയ്തീൻ കുട്ടി | | 27 |

| | | | |
|---|---|---|---|
| 5 | ഗോഗുൽദാസ് ടി വി | 36/11-02-2022 ₹7,500 | 23 |
| 6 | മനോജ് കുമാർ സി | 50/17-03-2022 ₹22,500 | 58 |
| | നബീസ കെ പി | | 63 |
| | ശാന്ത എം | | 45 |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ 23/18-10-2022 മറുപടിയായി ചില ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റുന്നതിന് വിമുഖത കാണിച്ചതിനാൽ മെമ്പർമാർ മുഖേന സാക്ഷ്യപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അതിന് ശേഷമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിന്റെ ആദ്യഭാഗത്ത് വരുന്ന ഗുണഭോക്താക്കൾ ആനുകൂല്യം ആവശ്യമില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടില്ല. മുൻഗണനാക്രമം മാറ്റി ആനുകൂല്യം അനുവദിക്കുമ്പോൾ മതിയായ രേഖകൾ സൂക്ഷിക്കാനും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-25 മൃഗാശുപത്രിയിൽ മരുന്നു വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പർ പേര് | 102/2022 മൃഗാശുപത്രിയിൽ മരുന്ന് ,കൺസ്യൂമബിൾ വാങ്ങൽ |
| അടങ്കൽ | ₹ 1,50,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹150000 |
| ബിൽ നമ്പർ തീയതി തുക | 35/22-02-2022 ₹ 1,50,000 |
| പ്രോജക്ടിന്റെ നമ്പർ പേര് | 131/2022 മൃഗാശുപത്രിയിൽ മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 75,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം ) |
| ചെലവ് | ₹75000 |
| ബിൽ നമ്പർ തീയതി തുക | 15/09-09-2021 ₹ 75,000 |

മേൽ പ്രോജക്ടുകൾ പ്രകാരം മൃഗാശുപത്രിയിലേക്ക് 2,25,000 രൂപയുടെ മരുന്നുകൾ , കൺസ്യൂമബിൾസ് എന്നിവ വാങ്ങിയിട്ടുണ്ട്. രണ്ട് പ്രോജക്ടുകളിലായി വാങ്ങിയ താഴെ പറയുന്ന മരുന്നുകളുടെ കാലാവധി അവസാനിച്ചെങ്കിലും ഓഡിറ്റ് തീയതിയിലും നീക്കിയിരിപ്പുള്ളതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | അളവ് | വില ജി.എസ്.ടി ഉൾപ്പടെ | സ്റ്റോക്കിൽ എടുത്ത തീയതി | കാലാവധി അവസാനിച്ച തീയതി |
|---|---|---|---|---|---|
| 1 | Inj.Moxel 4 Gm | 10 | 1216 | 26-01-2022 | 09/2022 |
| 2 | Amitraz Susp 50ml | 20 | 3696 | 02-09-2021 | 10/2022 |
| 3 | Inj.Phenyl Bita Sodium Salicylate 100 Ml | 10 | 1728 | 02-09-2021 | 09/2022 |
| 4 | Inj.Omxytetra Cycline 100 Ml | 40 | 2570 | 02-09-2021 | 06/2022 |

മരുന്നുകൾ ഉപയോഗ്യശൂന്യമായതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/18-10-2022) മരുന്നുകൾ കാലാവധി പൂർത്തിയാകുന്നതിന് മുന്നേതന്നെ മുഴുവൻ ഉപയോഗിച്ച് തീർത്തതാണെന്നും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും മരുന്നുകൾ പാഴായി പോകാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സംരംഭകത്വ പലിശ സബ്സിഡി അനുവദിക്കുന്നതിലെ അപാകങ്ങൾ

സംരംഭകത്വ പലിശ സബ്സിഡി നൽകുന്നതിന് തൻവർഷം 2 പ്രോജക്ടുകളാണ് നടപ്പാക്കിയത് വിശദവിവരം ചുവടെ ചേർക്കുന്നു.

1

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പർ പേര് | 133/2022 സംരംഭകത്വ പലിശ സബ്സിഡി |
| അടങ്കൽ | ₹ 1,52,619 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹151468 |
| ബിൽ നമ്പർ തീയതി തുക | 09/28-06-2021 ₹27,802<br>16/09-09-2021 ₹45,895<br>33/30-01-2022 ₹2,221<br>39/19-02-2022 ₹70,268<br>40/19-02-2022 ₹5,282<br>ആകെ ₹1,51,468 |

പ്രോജക്ട് പ്രകാരം താഴെ പറയുന്ന് സംരംഭകർക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | അനുവദിച്ച തുക | ബിൽ നമ്പർ തീയതി | കുറിപ്പ് |
|---|---|---|---|---|
| 1 | സുലേഖ പി കെ | 27802 | 09/28-06-2021 | ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രതിമാസ ലോൺ ഇൻസ്റ്റാൾമെന്റ് തുക 10526 രൂപയാണ്. ഇതിൽ കുറഞ്ഞതുക മാത്രമാണ് പ്രതിമാസം ഒടുക്കുന്നത്. |
| 2 | സബിഷ് ഇ.പി ജിൻസി തോമസ് | 45895 | 16/09-09-2021 | ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രതിമാസ ലോൺ ഇൻസ്റ്റാൾമെന്റ് തുക 10417 രൂപയാണ്. എന്നാൽ ഇതിൽ കുറഞ്ഞതുക മാത്രമാണ് പ്രതിമാസം ഒടുക്കി വരുന്നത്. 10/2019 മുതൽ 08/2021 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 06/2020 മുതൽ 09/2020 വരെയും 11/2020, 02/2021, 01/2021 മുതൽ 04/2021 വരെയും മുതൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 11/2019 മുതൽ 01/2021 വരെയുള്ള മുഴുവൻ പലിശയും തൻവർഷം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക മുൻവർഷങ്ങളിൽ അനുവദിച്ചിരുന്നോയെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. പലിശ സബ്സിഡി |

| | | | | |
|---|---|---|---|---|
| | | | | കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. |
| 3 | രജനി വി പി | ₹2,221 | 33/30-01-2022 | 12/2017 മുതൽ 12/2020 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. 07/2019 , 08/2019, 11/2019, 12/2019, 01/2020 , 03/2020 മുതൽ 07/2020 വരെ, 11/2020 എന്നീ മാസങ്ങളിൽ ബാങ്ക് വായ്പ തിരിച്ചടവിൽ മുടക്കം വരുത്തിയിട്ടുണ്ട്. 08/2020 മുതൽ 12/2020 വരെയുള്ള പലിശ സബ്സിഡി അനുവദിച്ചു. തുക മുൻവർഷങ്ങളിൽ അനുവദിച്ചിരുന്നോയെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. പലിശ സബ്സിഡി കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. |
| 4 | ഷഹസാദി ബി | ₹5,282 | 40/19-02-2022 | 04/2021മുതൽ 09/2021 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്. പ്രസ്തുത കാലയളവിലെ മുഴുവൻ പലിശയും അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ 08/2021, 09/2021 മാസങ്ങളിൽ മാത്രമാണ് മുതൽ ഒടുക്കിയത്. പലിശ സബ്സിഡി കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. |
| 5 | മാടായി കോ-ഓപ്പറേറ്റീവ് ബാങ്ക് | ₹70,268 | 39/19-02-2022 | അബ്ദുള്ളകുട്ടി കല്ലികടവത്ത് , ഷഹനാസ് അബ്ദുള്ളകുട്ടി എന്നിവരുടെ 04/2018 മുതൽ 08/2019 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് ലഭ്യമാക്കിയത്. എന്നാൽ തുക മാടായി കോ-ഓപ്പറേറ്റീവ് ബാങ്കിനാണ് അനുവദിച്ചത്. സംരംഭകന്റെ അക്കൗണ്ടിൽ തുക അനുവദിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. പലിശ സബ്സിഡി കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. |

2

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ പേര് | 95/2022 സംരംഭകത്വ പലിശ സബ്സിഡി |
| അടങ്കൽ | ₹300000 വികസനഫണ്ട് ജനറൽ |
| ചെലവ് ₹169114 | ബിൽ നമ്പർ തീയതി തുക<br>06/23-06-2021 ₹27,267<br>07/23-06-2021 ₹9,407<br>10/01-07-2021 ₹27,524<br>11/01-07-2021 ₹24,011<br>19/06-11-2021 ₹18,142<br>44/10-03-2022 ₹17,258<br>22/22-03-2022 ₹45,505<br>ആകെ ₹1,69,114 |

പ്രോജക്ട് പ്രകാരം താഴെ പറയുന്ന സംരംഭകർക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | അനുവദിച്ച തുക | ബിൽ നമ്പർ തീയതി | കുറിപ്പ് |
|---|---|---|---|---|
| 1 | അബ്ദുൾ റഷീദ് ഇ കെ | ₹27,267 | 06/23-06-2021 | 03/2019 മുതൽ 04/2021 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഏത് കാലയളവിലെ പലിശയാണ് അനുവദിച്ചതെന്ന് വ്യക്തമല്ല. |
| 2 | ഷഹസാദി ബി | ₹9,407 | 07/23-06-2021 | 09/2020 മുതൽ 02/2021 വരെ മുഴുവൻ പലിശയും അനുവദിച്ചിട്ടുണ്ട്. |
| 3 | അഖില എം കെ | ₹27,524 | 10/01-07-2021 | 2/2020 മുതൽ 02/2021 വരെ മുഴുവൻ പലിശയും അനുവദിച്ചിട്ടുണ്ട്. ഈകാലയളവിൽ 02/2020, 01/2021 , 02/2021മാസങ്ങളിൽ മാത്രമാണ് ലോണിന്റെ മുതൽ തവണ ഒടുക്കിയത് |
| 4 | കൃഷ്ണൻ പി | ₹24,011 | 11/01-07-2021 | 12/2019 മുതൽ 11/2020 വരെ മുഴുവൻ പലിശയും അനുവദിച്ചിട്ടുണ്ട്. 08/2020 മാസത്തിൽ മുതൽ ഒടുക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. വായ്പ മുതൽ ഇനത്തിൽ പ്രതിമാസം 6250 രൂപ ഒടുക്കേണ്ടതാണെങ്കിലും അതിൽ കുറഞ്ഞ നിരക്കിലാണ് ഒടുക്കുന്നത്. |
| 5 | സൂര്യതോമസ് | ₹18,142 | 19/06-11-2021 | 03/2018 മുതൽ 12/2019 വരെ മുഴുവൻ പലിശയും അനുവദിച്ചിട്ടുണ്ട് . 08/2018, 10/2018, 02/2019, 04/2019, 06/2019, 09/2019 എന്നീമാസങ്ങളിൽ വായ്പ മുതൽ ഒടുക്കിയിട്ടില്ല. |
| 6 | അഖില എം കെ | ₹17,258 | 44/10-03-2022 | 02/2022 ലെ ബാങ്ക് സ്റ്റേറ്റ്മെന്റാണ് ഹാജരാക്കിയത്. മുഴുവൻ പലിശയും അനുവദിച്ചിട്ടുണ്ട്. മുതൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. |
| 7 | ഷഹസാദി ബി | ₹11557 | 22/22-03-2022 | 05/2020മുതൽ 07/20 മാസങ്ങളിലെ പലിശ അനുവദിച്ചിട്ടുണ്ട്. |
| 8 | കൃഷ്ണൻ പി | ₹22317 | 22/22-03-2022 | 02/2021 മുതൽ 03/2022 വരെ മുഴുവൻ പലിശയും അനുവദിച്ചിട്ടുണ്ട്. 05/2021, 06/2021, 07/2021, 09/2021, 10/2021, |

| | | | | |
|---|---|---|---|---|
| | | | | 11/2021 01/2022 മാസങ്ങളിൽ മുതൽ ഒടുക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. പ്രതിമാസം ടുക്കേണ്ട വായ്പയുടെ മുതൽ 6250 രൂപയാണ്. എന്നാൽ ഇതിൽ കുറഞ്ഞ നിരക്കിലാണ് വായ്പ ഒടുക്കുന്നത്. |
| 9 | കുഞ്ഞാമിന ടി കെ | ₹10631 | 22/22-03-2022 | 04/2021 മുതൽ 03/22 വരെ മുഴുവൻ പലിശയും അനുവദിച്ചിട്ടുണ്ട്. 05/2021, 09/2021, 11/2021,12/2021 എന്നീ മാസങ്ങളിൽ മുതൽ ഒടുക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. |

ജി.ഒ.(പി)22/2018/ത.സ്വ.ഭ.വ. തീയതി 14-02-2018 ഖണ്ഡിക 21-3 പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പലിശ സബ്സിഡി അനുവദിച്ചത്. വിശദവിവരം ചുവടെ ചേർക്കുന്നു.

1- ബാങ്ക് വായ്പ തവണയും റിവോൾവിംഗ് ഫണ്ട് തവണയും നാളിതുവരെയും ക്രമമായി അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിവേണം പലിശ സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ ഉറപ്പ് വരുത്താതെയാണ് പലിശ സബ്സിഡി അനുവദിച്ചത്.

2- സംരംഭത്തിന്റെ ഉദ്ദിഷ്ട പ്രവർത്തനവും ഫലവും ഉണ്ടായിട്ടുണ്ടോയെന്ന് രേഖകളുടെയും നേരിട്ടുള്ള പരിശോധനയിലൂടെയും ബോധ്യപ്പെട്ട് നിർവ്വഹണം ഉദ്യോഗസ്ഥൻ ശുപാർശ നൽകി ഭരണസമിതി അംഗീകരിച്ചാണ് ഓരോ വർഷവും പലിശ സബ്സിഡി നൽകേണ്ടത്. പരിശോധന റിപ്പോർട്ട്, ഭരണ സമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3- ബാങ്ക് വായ്പ തവണയും റിവോൾവിംഗ് ഫണ്ട് തവണയും മുടക്കം വരുത്തുന്നവർക്ക് പലിശ സബ്സിഡി നഷ്ടമാകും ഇത് പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ അനുവദിച്ച പലിശ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 വരെ 858313 രൂപ പലിശ സബ്സിഡിയിനത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

4- റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിൽ റിവോൾവിംഗ് ഫണ്ട് തവണ ഇടപാടുകൾ, ബാങ്ക് വായ്പ, കാലാവധി, പലിശ നിരക്ക് എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇത് കാരണം തവണകൾ കൃത്യമായി ഒടുക്കുന്നുണ്ടോയെന്നും, കൃത്യമായി ഒടുക്കാത്തവർക്ക് പലിശ സബ്സിഡി അനുവദിക്കുന്നുണ്ടൊയെന്നും പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അർഹമായ പലിശ സബ്സിഡിയിൽ അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്. വായ്പ തിരിച്ചടവ്, റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് എന്നിവയിൽ വീഴ്ച വരുത്തിയവർക്ക് പലിശ സബ്സിഡി അനുവദിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/18-10-2022) അപാകത പരിഹരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.
വിശദമായ പരിശോധന നടത്തി പലിശ സബ്സിഡിയിനത്തിൽ അധികം നൽകിയ തുക തിരിച്ചു പിടിക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പൂർത്തീകരണ സാക്ഷ്യ പത്രം വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് | കന്നുകുട്ടി പരിപാലന പദ്ധതി, 86/22 |
| അടങ്കൽ – ₹1800000 | ₹450000 – വികസനഫണ്ട്<br>₹450000 – സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹900000 – ഗുണഭോക്തൃ വിഹിതം |
| ചെലവ് – ₹1350000 | ₹450000 (ബിൽ നമ്പർ 23/17-12-2021 )<br>₹900000 – ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ചത് |

കണ്ണൂർ ജില്ലാ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ 450000/- രൂപയുടെ പ്രസ്തുത തുകയുടെ

വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-28 പാലുല്പാദന സബ്സിഡി- രേഖകൾ ഹാജരാക്കിയിട്ടില്ല-1027000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്പക്ടർ |
| പ്രോജക്ട് നമ്പർ | 29/22 |
| പ്രോജക്ടിന്റെ വിവരങ്ങൾ | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ |
| അടങ്കൽ ₹1027000 | വികസനഫണ്ട് - ₹ 650000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ₹ 304000<br>ജില്ലാ പഞ്ചായത്ത് വിഹിതം - ₹ 73000 |
| ചെലവ് ₹ 1027000 | ബിൽ റഫറൻസ് നമ്പർ 863807/30.12.21 ₹650000<br>ബിൽ റഫറൻസ് നമ്പർ 1289770/10.03.22 ₹153862<br>ബിൽ റഫറൻസ് നമ്പർ 1289735/10.03.22 ₹150138<br>ബിൽ റഫറൻസ് നമ്പർ 1289757/10.03.22 ₹73000 |

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. (ക്ഷീരവികസന വകുപ്പ് നല്കുന്ന 1 രൂപ ഉൾപ്പെടെ ഒരു ലിറ്റർ പാലളവിന് 4 രൂപ സബ്സിഡി , ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 40000 രൂപ)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.വെബ്സാംഖ്യയിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് (ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന്)

2.ഗുണഭോക്താക്കളുടെ വരുമാനം 5 ലക്ഷത്തിൽ താഴെയാണെന്ന് ഉറപ്പ് വരുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ.

3.മോണിറ്ററിംഗ് റിപ്പോർട്ട്

4.ഡിപ്പാർട്ട്മെന്റ് ഫണ്ട് (@1രൂപ)നല്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച സാക്ഷ്യപത്രം(ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉൾപ്പെടെ ഒരു ഗുണഭോക്താവിന് നല്കാവുന്ന പരമാവധി തുകയാണ് 40000രൂപ.)

രേഖകൾ ഹാജരാക്കാത്തതിനാൽ 1027000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/17.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 പാലിയേറ്റീവ് ഉപകരണങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്ട് നമ്പർ | 201/22 |
| പ്രോജക്ട് വിവരങ്ങൾ | പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ ₹200000 | വികസനഫണ്ട് -₹ 1000 , ജില്ലാ പഞ്ചായത്ത് വിഹിതം -₹ 199000 |
| ചെലവ് | ചെക്ക് നം./തീയ്യതി/തുക – 7138882/26-03-22/134537 |

പാലിയേറ്റീവ് പരിചരണ പദ്ധതിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രസ്തുത പദ്ധതിയുടെ ഭാഗമായി 134537രൂപ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി സർവ്വീസ്, കൊല്ലം എന്ന സ്ഥാപനത്തിന് മുൻകൂറായി നല്കിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെ 129675 രൂപയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. ബാക്കി ഉപകരണങ്ങൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/17.10.22 ന് മറുപടിയായി ഇനി രണ്ടു സ്റ്റെതസ്കോപ്പുകളാണ് ലഭിക്കാൻ ബാക്കിയുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭിക്കുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററും പർച്ചേസ് ബില്ലും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-30 റിവോൾവിംഗ് ഫണ്ട്- തിരിച്ചടച്ച തുക നിഷ്ക്രിയമായി തുടരുന്നു

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സംരംഭകർക്ക് റിവോൾവിംഗ് ഫണ്ടായി അനുവദിക്കപ്പെട്ട തുക സംരംഭകർ അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകളിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. പ്രസ്തുത തുക അതാത് അക്കൗണ്ടുകളിൽ നിഷ്ക്രിയമായി കിടക്കുന്നത് ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് . 31.03.22

തീയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | 31.03.22 തീയതിയിലെ നീക്കിയിരിപ്പ് |
|---|---|---|
| വി ഇ ഒ | 9036- കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക് | ₹22503 |
| കൃഷി ഓഫീസർ | 1951- പരിയാരം സർവ്വീസ് സഹകരണ ബാങ്ക് | ₹21763 |
| വെറ്റിനറി സർജൻ | 8932 - കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക് | ₹529633 |

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 30/20.10.22 ന് മറുപടിയായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം പ്രസ്തുത തുക ഉപയോഗപ്പെടുത്തി പദ്ധതി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 വി ഇ ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ - അവലോകനം

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ , കുറ്റ്യേരി

1.പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം – കൃത്യമായ ആസൂത്രണത്തിലൂടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് വിവരങ്ങൾ | പർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം , 129/22 |
| അടങ്കൽ | ₹20,55,000-ശുചിത്വമിഷൻ ഗ്രാന്റ്(പി ബി ഐ ജി) |
| ചെലവ്<br>₹1193764 | ₹939226-ചെക്ക് നമ്പർ 2023981/4.08.21<br>₹40000-ചെക്ക് നമ്പർ 2025364/30.03.22<br>₹110000-ചെക്ക് നമ്പർ 2025350/18.03.22<br>₹104538-ചെക്ക് നമ്പർ 2024602/10.12.21 |

എ)ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ് നടത്തുന്നതിനാണ് തുക വിനിയോഗിച്ചിട്ടുള്ളത് . എന്നാൽ സ്പിൽ ഓവർ പ്രോജക്ടിൽ സൂക്ഷ്മ മേഖലാ കോഡിൽ കക്കൂസ് നിർമ്മാണം എന്ന് രേഖപ്പെടുത്തിയതല്ലാതെപദ്ധതി ലക്ഷ്യം സംബന്ധിച്ച വിശദാംശങ്ങളോ ഗുണഭോക്താക്കളുടെ എണ്ണമോ മുൻവർഷം നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

ബി)പർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച ശുചിത്വ മിഷൻ നിർദ്ദേശങ്ങളിൽ . ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ് എന്ന ഇനത്തിൽ മാലിന്യ സംസ്കരണ ഭാഗം അറ്റകുറ്റപ്പണികൾ ചെയ്ത് മെച്ചപ്പെടുത്തുന്നതിന് മലിനീകരണമുണ്ടാക്കുന്ന ഗാർഹിക കക്കൂസുകളുടെ കേടുപാടുകളുള്ള ഡൈജസ്റ്റർ ഭാഗം അറ്റകുറ്റപ്പണികൾ നടത്തിയും സെപ്റ്റിക്ക് ടാങ്ക് നിർമ്മിച്ചും സുരക്ഷിതമായി ഉപയോഗപ്പെടുത്താനും ഒറ്റക്കുഴി മാത്രമുള്ള കക്കൂസുകളിൽ ഇരട്ടക്കുഴി നിർമ്മിച്ച് സുരക്ഷിത കക്കൂസുകളാക്കുന്നതിനും ഫണ്ട് ഉപയോഗപ്പെടുത്താനാണ് അനുമതിയുള്ളത്. (കക്കൂസ് നിർമ്മാണത്തിനായി അനുവദിക്കുന്ന 15400രൂപയുടെ 60% യൂനിറ്റ് കോസ്റ്റ് (9240രൂപ)- ഇതിൽ 5000രൂപ വരെ പർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽ നിന്ന് ഉപയോഗപ്പെടുത്താം)- (സർക്കുലർ നമ്പർ 334/ഡി സി 1/18/തസ്വഭവ തീയതി 21.07.2018) .കേടുപാടുകളുള്ള സൂപ്പർസ്ട്രക്ച്ചർ റിപ്പയർ ചെയ്യാനും ഉപയോഗപ്പെടുത്താമെന്ന വ്യവസ്ഥയും മാസ്റ്റർ സർക്കുലറിൽ ഉണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ഭൂരിഭാഗം അപേക്ഷകരും തറ ടൈൽസ് പാകുന്നതിനും ചുമർ തേക്കുന്നതിനും ക്ലോസറ്റ് യൂറോപ്യൻ ആക്കി മാറ്റുന്നതിനും മറ്റുമാണ് ആനുകൂല്യത്തിനായി അപേക്ഷിക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തിട്ടുള്ളത് .

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എഞ്ചിനീയറുടെ വാലുവേഷന്റെ അടിസ്ഥാനത്തിൽ 5000രൂപ വരെ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. ഫയലിൽ ഉണ്ടായിരുന്ന ചില വാലുവേഷൻ സർട്ടിഫിക്കറ്റുകളിൽ 5000രൂപയിൽ താഴെയാണ് വാലുവേഷൻ ഉണ്ടായിരുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തിയപ്പോൾ വീണ്ടും അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും കൂടുതൽ തുകയ്ക്കുള്ള വാലുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കിയിട്ടുണ്ട്. കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വാലുവേഷൻ സർട്ടിഫിക്കറ്റ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സി)ഗ്രാമപഞ്ചായത്ത് തല ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ ശുചിത്വ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ - ഫ്രണ്ട് ഓഫീസ് ഹെൽപ്പ് ഡെസ്ക് – ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസെടുക്കാത്തതും മറ്റ് അപാകങ്ങളും

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 83/22,വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ |
| അടങ്കൽ₹400000 | ₹200000 – വികസന ഫണ്ട്,<br>₹200000 - മറ്റുള്ളവ |
| ചെലവ് ₹200000 | ₹200000-ബിൽ നമ്പർ 10/31.03.22 |

5 കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടുന്ന വനിതാ ഗ്രൂപ്പിന് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഫ്രണ്ട് ഓഫീസിനോട് ചേർന്ന് ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. സിംഫണി സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് , പാച്ചേനി എന്ന ഗ്രൂപ്പിനെയാണ് തെരഞ്ഞെടുത്തത് .

ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങൾക്ക് സഹായകമാകുന്ന രീതിയിൽ പ്രവർത്തിച്ച് വരുമാനം ഉണ്ടാക്കുക എന്നതാണ് ഉദ്ദേശ്യം. ഫോട്ടോ കോപ്പിയർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മറ്റ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും സഹായം നല്കുന്നതിനാണ് പദ്ധതി തുക ബാക്ക് എന്റ് സബ്സിഡി ആയി അനുവദിച്ചത്.

ഗ്രൂപ്പിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 250000രൂപയാണ് ഈ ആവശ്യങ്ങൾക്കായി എസ്റ്റിമേറ്റ് ചെയ്യപ്പെട്ടത് . സ്ഥിരം മൂലധനം ₹207100, പ്രവർത്തന മൂലധനം - ₹42900). സംഘം സമർപ്പിച്ച ബില്ലുകളിൽ, പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായി, കോഫി വെന്റിംഗ് മെഷീനും കോഫി ഷോപ്പ് നടത്തുന്നതിനാവശ്യമായ പാത്രങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങിയ വകയിലുള്ള ബില്ലുകളും(50985രൂപ) റൂം സജ്ജീകരിക്കുന്നതിനുള്ള ചെലവുകളും (38500രൂപ) ഉൾപ്പെടുന്നു (ആകെ 250000രൂ). വനിതാ ഗ്രൂപ്പായതിനാൽ 85% പരിധിക്കു വിധേയമായി 200000രൂപ സബ്സിഡി പരിയാരം സർവ്വീസ് സഹകരണ ബാങ്കിന് ബാക്ക് എന്റ് സബ്സിഡിയായി കൈമാറിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ചതിന് കാരണമായി അറിയിച്ചത് സംരംഭത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനു വേണ്ടിയാണ് കോഫി ഷോപ്പു കൂടി ഉൾപ്പെടുത്തിയത് എന്നാണ്. മുൻകൂർ അനുമതിയില്ലാതെ പദ്ധതിയിൽ മാറ്റം വരുത്തിയത് ശരിയല്ല.
കോഫി ഷോപ്പ് തുടങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതി നല്കിയതിന്റെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ (നം /17.10.22)ഗ്രാമപഞ്ചായത്തിന്റെ അറിവോടെയാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചത് എന്നാണ് അറിയിച്ചത്.
ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനുമതി നല്കിയതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 10.10.22,11.10.22 | കെ.എസ്.എ/കെ.എൻ.ആർ/സി.3/1492 /2022 |

| | | |
|---|---|---|
| | | തീയ്യതി 08.12.2022 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ. | 2021-22 | 981750 | നെൽകൃഷി വികസനപദ്ധതി -81/22 | 981750 | 0 |
| | | 1200000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-(പട്ടികജാതി പട്ടിക വർഗ്ഗമത്സ്യതൊഴിലാളി),216/22 | 1200000 | 0 |
| | | 500000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , 19/22 | 500000 | 0 |
| | | 435000 | കപ്പണത്തട്ട് അങ്കണവാടി കെട്ടിട നിർമ്മാണം, 181/22 | 435000 | 0 |
| | | 3680 | പട്ടതാക്കളം, 230/22 | 3680 | 0 |
| | | 304000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ, 29/22 | 304000 | 0 |
| ആകെ | | 3424430 | | 3424430 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2021-22 | 1963500 | നെൽകൃഷി വികസനപദ്ധതി -81/22 | 1963500 | 0 |
| | | 199000 | പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ, 201/22 | 134537 | 64463 |
| | | 1700000 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി- 214/22 | 1700000 | 0 |
| | | 2160000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-(പട്ടികജാതി പട്ടിക വർഗ്ഗമത്സ്യതൊഴിലാളി),216/22 | 2160000 | 0 |
| | | 500000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ-19/22 | 500000 | 0 |
| | | 73000 | ക്ഷീരകർഷകർക്ക് പാലിന് അധികവില നൽകൽ-29/22 | 73000 | 0 |
| | | 15952 | പട്ടതാക്കളം, 230/22 | 15952 | 0 |
| | | 984946 | മുടിക്കാനം എസ് സി കോളനി കൾച്ചറൽ സെന്റർ നിർമ്മാണം, 80/22 | 984946 | 0 |
| ആകെ | | 7596398 | | 7531935 | 64463 |

കുറിപ്പ് : സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിനത്തിൽ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (സംയുക്തപദ്ധതികൾക്കായുള്ളത്) രേഖപ്പെടുത്തിയിട്ടില്ല . ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 3726159 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 2709607രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം- 1016552രൂപ) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ഇതു കൂടാതെ ,കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന് നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ച 1097170രൂപയിൽ 670870രൂപയും ചെലവഴിക്കാൻ ബാക്കിയുണ്ട്. സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം ഗ്രാന്റ് ലഭിച്ചതിന്റെ ഉദ്ദേശ്യം പരിശോധിച്ച് അതാത് ഹെഡ്ഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്,പരിയാരം | വൈദ്യുതി ള്ളണകൾ മാറ്റി സ്ഥാപിക്കൽ | വൗച്ചർ നമ്പർ 22100922/17.01.22 | 15727 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2021-22സാമ്പത്തിക വർഷം വായ്പ ഇനത്തിൽ വരവില്ല. മുൻവർഷങ്ങളിൽ എടുത്ത വായ്പയുടെയും ഓഡിറ്റ് വർഷം തിരിച്ചടച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി (1,2 ഘട്ടം) | സ.ഉ (എം.എസ്) 68/2018 തീയതി 18-05-2018 | 4200238 | 3759062-878824(*) ----------- 2880238 | .. | 10,12,000 | | 2747072-878824(*) --------- 1868238 |

(*)878824 2020-21 സാമ്പത്തിക വർഷത്തെ ജി ഒ പ്രോജക്ട് പ്രകാരം തിരിച്ചടച്ച തുക പരിഗണിക്കാതെയാണ് മുൻവർഷത്തെ അക്കൗണ്ട് തയ്യാറാക്കിയത്. ആയത് ഓഡിറ്റ് വർഷവും പരിഹരിച്ചിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 20000 രൂപയുടെ ഷെയറുകൾ നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയറുകൾ | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയറുകൾ | 20000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- മെമ്പർ നമ്പർ 60, സർട്ടിഫിക്കറ്റ് നമ്പർ 212തീയതി 28-12-2004 | ₹20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വിശദമായ പരിശോധന സാധ്യമായിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 2-14 | 2007-08 | 3-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2016-17 | 1 | 2014-15 | 2-1 | വസ്തുനികുതി | |
| 2016-17 | 2 | 2014-15 | 2-2 | തൊഴിൽ നികുതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹13,94,90,032 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹12,22,88,852 |
| വരവിനങ്ങളിലുള്ള നഷ്ടം | : | .. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | .. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹10,27,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 10,27,000 | ₹650000-ശ്രീമതി രശ്മിത റോഷൻ, ഡയറി ഫാം ഇൻസ്ട്രക്ടർ ₹377000-ശ്രീ.ജോസ് ജയകുമാർ , ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | ₹10,27,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-12,1-13,1-14,1-15 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രശ്മിത റോഷൻ,ഡയറി ഫാം ഇൻസ്പെക്ടർ | എച്ച് എസ് എ , ജി വി എച്ച് എസ് എസ് , കാഞ്ഞങ്ങാട് | താഴത്ത്പറമ്പിൽ പുതിയംകാവ് പി ഒ അന്നൂർ പയ്യന്നൂർ |
| ശ്രീ.ജോസ്ജയകമാർ,ഡയറി ഫാം ഇൻസ്പെക്ടർ | ഡയറി ഫാം ഇൻസ്പെക്ടർ ,തളിപ്പറമ്പ | ശബ്ദം, പള്ളിക്കര താവം,ചെറുകുന്ന് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 5 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 3 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 4 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 3 |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 5 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 5 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 2 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 5 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1402/2022 തീയതി: 11.10.2022 | 7 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ /സി.3/1036/2021 തീയതി: 26.05.2022 | 28 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ | 38 |

| | | |
|---|---|---|
| | /സി.3/782/2022 തീയതി: 23.06.2022 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Pariyaram Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19219218.00 |
| Cash | Cash | RP-40(a) | 118894.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1803470.00 |
| 140000000 | Fees & User Charges | RP-4 | 1895215.00 |
| 150000000 | Sale & Hire Charges | RP-5 | 130170.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 86291733.00 |
| 171000000 | Interest Earned | RP-9 | 537003.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21347598.00 |
| 350000000 | Other Liabilities | RP-36 | 264095.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 18503.00 |
| 311000000 | Earmarked Funds | RP-29 | 456.00 |
| 340000000 | Deposits Received | RP-34 | 67736.00 |
| 350000000 | Other Liabilities | RP-36 | 546089.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 26587964.00 |
| | Grand total | | 158828144.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3608460.00 |
| 220000000 | Administrative Expenses | RP-12 | 773022.00 |
| 230000000 | Operations & Maintenance | RP-13 | 823378.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8857023.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 33354840.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1871059.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1203907.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 0.0 |
| 255000000 | Maintenance Projects | RP-20 | 12508665.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 507500.00 |
| 280000000 | Prior Period item | RP-26 | -37046.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 657748.00 |
| 350000000 | Other Liabilities | RP-36 | 8407652.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 340000000 | Deposits Received | RP-34 | 78761.00 |
| 350000000 | Other Liabilities | RP-36 | 3610299.00 |
| 410000000 | Fixed Assets | RP-38 | 3001937.00 |
| 412000000 | Capital work in Progress | RP-40 | 17575410.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 24083618.00 |
| 460000000 | Loans, Advances and Deposits | RP-47 | 1401970.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 36539292.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 158828144.00 |

2.ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Pariyaram Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 11524755.00 |
| 140000000 | Fee & User Charges | I-4(b) | 2470515.00 |
| 150000000 | Sale & Hire Charges | I-5(b) | 130622.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 242719392.00 |
| 171000000 | Interest Earned | I-8 | 537003.00 |
| 180000000 | Other Income | I-9 | 18503.00 |
| | Total Income | | 257400790.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11742521.00 |
| 220000000 | Administrative Expenses | I-11(b) | 773022.00 |
| 230000000 | Operations & Maintenance | I-12(b) | 823378.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan ProgrammeProductive Sector / Programme Expenses | I-14 | 14251101.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 96082167.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1871059.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1203907.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 75756200.00 |
| 255000000 | Maintenance Projects | I-14(e) | 12508665.00 |
| 260000000 | Grants, Contributions & Compensation from | I-15 | 507500.00 |

| | | | |
|---|---|---|---|
| | Own Fund / Subsidies | | |
| 270000000 | Provisions and Write off | I-16 | 280687.00 |
| 272000000 | Depreciation | I-17(a) | 20836584.00 |
| | Total Expenditure | | 236637440.00 |
| | Gross Surplus/ Deficit of income over Expenditure | | 20763350.00 |
| 280000000 | Prior Period Item | I-18 | -88046180.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 108809530.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3.ബാലൻസ് ഷീറ്റ്

| Pariyaram Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11545206.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15577.00 |
| 312000000 | Reserves | B-3 | 104841583.00 |
| | Total Reserve & Surplus | | 116402366.05 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14449794.00 |
| | Total Grants, Contributions for Specific Purposes | | 14449794.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 2747072.00 |
| | Total Loans | | 2747072.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1023505.95 |
| 350000000 | Other Liabilities | B-9 | 3314057.00 |
| | Total Current Liabilities and Provisions | | 4337562.95 |
| | TOTAL LIABILITIES | | 137936795.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 197590714.00 |
| 411000000 | Accumulated Depreciation | B-11 | -122782018.00 |
| 412000000 | Capital Work in Progress | B-11(a) | 1224375.00 |
| | Total Fixed Assets | | 76033071.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 24105341.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 36539292.00 |
| 460000000 | Loans, Advances and Deposits | B-18 | 1239091.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 61883724.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 137936795.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂർ